I/89968/2023

"ഭരണഭാഷ മാതൃഭാഷ"

**<u>നമ്പർ.TCPKZD/131/2023/c1</u>**

**തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിംഗ്,**
**ജില്ലാ നാഗരാസൂത്രകന്റെ കാര്യാലയം,**
**An ISO 2005-9001 Certified Office,**
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ
(പി.ഒ),
കോഴിക്കോട്, തീയതി. **28-03-2023**
ഫോൺ:**0495-236 9300,**
ഇ-മെയിൽ: **tpkzd.lsgdplng@kerala.gov.in**

**നഗരാസൂത്രകൻ,**
കോഴിക്കോട്
**അസി.എന്ജിനിയർ**
കോഴിക്കോട് നഗരസഭ(ബേപ്പൂർ മേഖല)

സർ,

വിഷയം:- കോഴിക്കോട് നഗരസഭ (ബേപ്പൂർ മേഖല)-പരിസ്ഥിതിലോല മേഖലയിൽ വാസഗൃഹ നിർമ്മാണം-ശ്രീ.മൊയ്തീൻ കോയ.ടി.പി എന്നിവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. ഈ കാര്യാലയത്തിൽ 28/4/2021നു ലഭ്യമായ താങ്കളുടെ അപേക്ഷ.

2. താങ്കളുടെ 24/12/2022 ലെ BZ/TP/9107/2018 കത്ത്.

കോഴിക്കോട് നഗരസഭ (ബേപ്പൂർ മേഖല)-ബേപ്പൂർ വില്ലേജിൽ ഇലക്ട്റൽ വാർഡ് 49, -റീസർവേ നമ്പർ 150 -ൽ 328 ച .മീ സ്ഥലത്ത് 150.09 ച.മീ ബിൽറ്റ്അപ്പ് ഏരിയയിൽ നിർമ്മിച്ച വാസഗൃഹം ക്രമവൽക്കരിക്കുന്നതിന് കൺകറൻസ് ലഭിക്കുന്നതിനായി ശ്രീ.മൊയ്തീൻ കോയ.ടി.പി എന്നിവർ സമർപ്പിച്ച അപേക്ഷയിൽ GO.(Ms.)No.1/2019/LSGD, തീയ്യതി 03.01.2019, കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ 2035 മേഖല നിയന്ത്രണ ചട്ടം ഭേദഗതി 12(c) പ്രകാരം അപേക്ഷയിലെ നിർമ്മാണത്തിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അനുമതി നൽകി ഇതിനാൽ അറിയിക്കുന്നു.

**<u>നിബന്ധനകൾ</u>**

1. സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, CRZ notification 2011 മറ്റ് ബാധകമായ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം അനുവദിക്കാവുന്നതാണെന്ന്

I/89968/2023

കോർപ്പറേഷൻ സെക്രട്ടറി/അധികാരപ്പെടുത്തിയ അസിസ്റ്റന്റ് എൻജിനിയർ ഉറപ്പുവരുത്തേണ്ടതാണ്.

2. നിർമ്മാണം **KMBR 2019** ചട്ടങ്ങൾക്കും, കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ **2035** ചട്ടങ്ങൾക്കും, അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.

**നോട്ട്:-** *ഇത് കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ **2035** മേഖല നിയന്ത്രണചട്ട പ്രകാരം പരിസ്ഥിതിലോല മേഖലയിൽ വാസഗൃഹം നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി **സെക്രട്ടറിക്ക്** നൽകാവുന്നതാണ്.*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Girish Kumar T K
Date: 28-03-2023 11:45:26

**നഗരാസൂത്രകൻ**

**കോഴിക്കോട്**

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

പകർപ്പ്:- അപേക്ഷകന്